പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4553 | 25.10.2016 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ

| ചോദ്യം<br><br>ശ്രീ.സി. ദിവാകരൻ : | | ഉത്തരം<br><br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | എ) | കേരളത്തിലേയ്ക്ക് കൂടുതൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ നടത്തി വരുന്ന പരസ്യ കാമ്പയിൻ<br>2. ദുബായിയിലെ 200 ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ<br>3. ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ്, OOH, പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പരസ്യ കാമ്പയിൻ<br>4. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് ബ്ലോഗേഴ്സ് കാമ്പയിൻ നടത്തുന്നു.<br>5. കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ,ഫിൻലൻഡ്, ലക്സംബർഗ്, ന്യൂസിലാൻഡ്, ഫിലിപ്പൈൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

(..2)

| | | | |
|---|---|---|---|
| | | | 6. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു.<br>7. മധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ ആയുർവേദത്തിലും കാലവർഷത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, ടൂർ ഓപ്പറേറ്റർമാർക്കു വേണ്ടിയുള്ള ഫെമിലിയറൈസേഷൻ പ്രചാരണങ്ങൾ തുടങ്ങിയവയാണ് കിഴക്കൻ രാജ്യങ്ങളിൽ നടത്തി വരുന്നത്. വിനോദസഞ്ചാരികൾ പ്രത്യേക സീസണുകളിൽ മാത്രമായി വരുന്നതിന് മാറ്റമുണ്ടാക്കാൻ ഇന്ത്യയിൽ ഓഫ് സീസൺ പ്രചാരണങ്ങൾക്കും ആരംഭം കുറിച്ചിട്ടുണ്ട്.<br>8. ആയുർവേദം, സ്പൈസസ് റൂട്ട്, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ, എക്സിബിഷനുകൾ (മൈസ് ടൂറിസം), വിവാഹം, സാംസ്കാരിക മേളകൾ, സാഹസിക വിനോദസഞ്ചാരം, സൈക്ലിംഗ് തുടങ്ങി കേരളത്തിന്റെ ഉൽപന്നങ്ങളുടെ പ്രചാരണമാണ് വിസിറ്റ് കേരള 2015-ൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ